LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത സാഹിത്യ വിഭാഗവുമായി ബന്ധപ്പെട്ട 157 കുട്ടികളുടെ 279 ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടത്. 14-7-2021-ന് സർവ്വകലാശാല കാലടി പോലീസിന് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം നമ്പർ 894//21 നമ്പർ എഫ്.ഐ.ആർ. പകർപ്പും അനുബന്ധം (II) ആയി ചേർക്കുന്നു*.

(ഡി) കാലടി സംസ്കൃത സർവ്വകലാശാലയിൽ സമാനമായ കാലഘട്ടത്തിൽ നടന്ന മറ്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകളും നഷ്ടപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷം യൂണിവേഴ്സിറ്റി നടത്തിയ പരീക്ഷാ പേപ്പറുകളുടെ വിവരം സംബന്ധിച്ച് സർക്കാർ ഉന്നതതല അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

സർവ്വകലാശാലയിൽ നടന്ന മറ്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല.

അതിഥി അധ്യാപകരുടെ വേതനം

90(2810) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം എത്രയാണെന്ന് അറിയിക്കുമോ; ഈ കാര്യത്തിൽ 4-7-2018-ന് ഇറക്കിയ സർക്കാർ ഉത്തരവിനുശേഷം പിന്നീട് വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 43,750 രൂപയും യു.ജി.സി. യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1,600 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 40,000 രൂപയുമാണ്; പ്രസ്തുത ഉത്തരവിനുശേഷം വേതന വർദ്ധനവുണ്ടായിട്ടില്ല.

(ബി) യു.ജി.സി. 2019 ജനുവരി 28-ന് ഇറക്കിയ സർക്കുലറിൽ അതിഥി അധ്യാപകരുടെ വേതനം മണിക്കൂറിൽ ആയിരത്തി അഞ്ഞൂറ് എന്ന നിരക്കിൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.ജി.സി.-യുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; യു.ജി.സി.-യുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ ഡി.ഡി.ഇ. ഓഫീസുകളിലെ ജീവനക്കാരുടെ അനാസ്ഥ കാരണം അതിഥി അധ്യാപകരുടെ ശമ്പള ബില്ലുകൾ മുടങ്ങിയിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിര അധ്യാപകരുടെ ബില്ലുകൾ വീഴ്ച കൂടാതെ നൽകുകയും അതിഥി അധ്യാപകരുടെ വേതന ബില്ലുകൾ നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല; അതിഥി അധ്യാപകരുടെ ശമ്പളം മാറുന്നതിനാവശ്യമായ എല്ലാ രേഖകളും സഹിതം ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് യഥാസമയം തന്നെ ശമ്പളം മാറുന്നതിനാവശ്യമായ അനുവാദം നല്കിവരുന്നു.

(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പ് 21-10-2017-ന് ഇറക്കിയ ഉത്തരവ് പ്രകാരം എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻമാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിൽ വീഴ്ച വരുത്തിയ പ്രിൻസിപ്പൽമാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻമാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 21-10-2017-ൽ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ഇപ്രകാരം നിർദ്ദേശിച്ചുകൊണ്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; ഇത്തരത്തിൽ വീഴ്ച വരുത്തിയെന്ന പരാതികളൊന്നും ലഭിച്ചിട്ടില്ല.

കോഴ്സുകളുടെ ആധുനികവൽക്കരണം

91(2811) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവേഷണ കോഴ്സുകളുടെ ആധുനികവൽക്കരണത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആധുനികവൽക്കരണത്തിന് സ്വീകരിക്കുന്ന നടപടികൾ താഴെപ്പറയുന്നവയാണ്.